(ഇ) ഇതുവരെയുള്ള കേസ് നടത്തിയതിന് നിയമന വ്യവസ്ഥ അനുസരിച്ച് ഓരോരുത്തർക്കും എത്ര രൂപവീതം കുടിശ്ശിക കൊടുക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. സുരേഷ് ബാബു തോമസ് അഡ്വക്കേറ്റിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായും ശ്രീ. സി.എസ്. അജയൻ അഡ്വക്കേറ്റിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ അസിസ്റ്റന്റായും നിയമിച്ചു. ഇവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ ഔദ്യോഗിക സ്ഥാനമാനങ്ങൾ ഉള്ളതായി അറിയില്ല.

(സി) കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് റൂൾസ് 1978 പ്രകാരം റഗുലേഷൻ ഫീസിന് അർഹതയുണ്ട്.

(ഡി) ഇതുവരെ ഒന്നും നൽകിയിട്ടില്ല.

(ഇ) സംഖ്യ തിട്ടപ്പെടുത്തിയിട്ടില്ല.

116 (2429) പയ്യന്നൂർ സബ്കോടതി കെട്ടിടം

ശ്രീ. കെ.പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ സബ്കോടതിക്ക് സ്വന്തമായി കെട്ടിടം പണിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തിക ഞെരുക്കം കാരണം പുതിയ കോടതി കെട്ടിടനിർമ്മാണം ആരംഭിക്കാൻ പ്രത്യേക അനുമതി നൽകിയിട്ടില്ല. ഇക്കാര്യം പരിശോധിച്ചുവരുന്നു.

117 (2430) പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനു നടപടി

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. അച്യുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനങ്ങളിൽ പുതുതായി ഫയർസ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇപ്പോൾ ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിൽ ഫയർസ്റ്റേഷനുകൾ ഉണ്ട്;

(സി) ഇനി ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിൽ ഫയർസ്റ്റേഷനുകൾ സ്ഥാപിക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവയുടെ മുൻഗണനാക്രമം തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എന്നേക്ക് എല്ലാ താലൂക്ക് ആസ്ഥാനത്തും ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി ഫയർസ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ബി) തിരുവനന്തപുരം, നെയ്യാറ്റിൻകര, ആറ്റിങ്ങൽ (ചിറയിൻകീഴ്), കൊല്ലം, കരുനാഗപ്പള്ളി, പത്തനാപുരം(പുനലൂർ), അടൂർ, തിരുവല്ല, കോഴഞ്ചേരി(പത്തനംതിട്ട), ചേർത്തല, അമ്പലപ്പുഴ(ആലപ്പുഴ), കായംകുളം, കോട്ടയം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, മീനച്ചൽ(പാലാ), തൊടുപുഴ, കട്ടപ്പന, കണക്കന്നൂർ, കൊച്ചി, ആലുവ, കുന്നത്തുനാട്, കോതമംഗലം, മൂവാറ്റുപുഴ, നോർത്ത് പറവൂർ, തൃശ്ശൂർ, ഇരിങ്ങാലക്കുട (മുകുന്ദപുരം), പാലക്കാട്, ചിറ്റൂർ, തിരൂർ, പൊന്നാനി, കോഴിക്കോട്, വടകര, കൽപ്പറ്റ, തലശ്ശേരി, കണ്ണൂർ, കാസർഗോഡ്, കാഞ്ഞങ്ങാട് (ഹോസ്ദുർഗ്).

(സി) അവശേഷിക്കുന്ന താലൂക്കാസ്ഥാനങ്ങളിൽ ഫയർസ്റ്റേഷനുകൾ ഇല്ല.

(ഡി) ഇല്ല.

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഘട്ടംഘട്ടമായി പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്.

118 (2431) അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടിയെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുതസേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അവർക്ക് ഹെലികോപ്ടർ കൊടുക്കുവാൻ പരിപാടിയുണ്ടോ; ഇക്കാര്യം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ച് എന്ത് നടപടിയെടുത്തു?

ഉത്തരം

(എ) അഗ്നിശമനസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. അഗ്നിശമനസേനാംഗങ്ങൾക്ക് മുങ്ങലിലും നീന്തലിലും പരിശീലനം നൽകുന്നതിന്റെ ഭാഗമായി 13 ജീവനക്കാർക്ക് സതേൺ നേവൽ കമാന്റിൽ നിന്നും "ഡ്രൈവിംഗിൽ" പരിശീലനം നൽകിയിട്ടുണ്ട്.

2. ഒഴിവുണ്ടായിരുന്ന വിവിധ തസ്തികകൾ എല്ലാം തന്നെ നികത്തുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly